**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 22** **04-10-2021 - ൽ മറുപടിയ്ക്ക്**

**ഇ-റേഷൻ കാർഡ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ കെ ആൻസലൻ,<br>ശ്രീ. കെ. പ്രേംകുമാർ** | | **Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നിലവിലെ പുസ്തക രൂപത്തിലുള്ള റേഷൻ കാർഡിനുപകരം ഇ-റേഷൻ കാർഡ് പദ്ധതി പ്രയോഗത്തിൽ വരുന്നതോടെ എന്തെല്ലാം സൗകര്യങ്ങളാണ് റേഷൻ ഉപഭോക്താക്കൾക്ക് ലഭ്യമാകുകയെന്നും ഇ-കാർഡിന് അപേക്ഷ നൽകേണ്ട രീതിയും വിശദമാക്കാമോ; | (എ) | നിലവിലുള്ള റേഷൻ കാർഡിന്റെ രൂപത്തിലും, കാർഡ് വിതരണ സമ്പ്രദായത്തിലും സമൂലമായ മാറ്റം കൊണ്ടുവന്ന ഇ-റേഷൻ കാർഡ് പദ്ധതി സംസ്ഥാനത്ത് 03.05.2021 മുതൽ സമ്പൂർണ്ണമായി നടപ്പിലാക്കിയിട്ടുണ്ട്. ഉപഭോക്താവ് അക്ഷയ കേന്ദ്രം/ Citizen login വഴി നൽകുന്ന അപേക്ഷ ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസർ Approve ചെയ്യുന്നതിനെ തുടർന്ന് Citizen login-ലൂടെയോ അല്ലെങ്കിൽ ഏതെങ്കിലും അക്ഷയ കേന്ദ്രം മുഖേനയോ തന്നെ ആ കാർഡിന്റെ PDF Document download ചെയ്യുന്നതിനും printout എടുക്കുന്നതിനും ഇ-റേഷൻ കാർഡ് സംവിധാനത്തിലൂടെ സാധിക്കുന്നതാണ്. ഇപ്രകാരം ലഭിക്കുന്ന പുതിയ കാർഡ് പുസ്തകരൂപത്തിലുള്ളതിന് പകരം കാർഡ് രൂപത്തിലുള്ളതും, എല്ലാ വിവരങ്ങളും മലയാളത്തിലും ഇംഗ്ലീഷിലും രേഖപ്പെടുത്തിയിട്ടുള്ളതുമായിരിക്കും. ഈ പദ്ധതി നടപ്പിൽ വന്നതോടെ, കോവിഡ് വ്യാപന പശ്ചാത്തലത്തിൽ പൊതുജനത്തിന് റേഷൻ കാർഡ് സംബന്ധമായ ആവശ്യങ്ങൾക്ക് താലൂക്ക് സപ്ലൈ ഓഫീസുകളിലെത്തേണ്ട സാഹചര്യം ഒഴിവാക്കി, വീട്ടിലിരുന്ന് തന്നെ അപേക്ഷ നൽകി, കാർഡ് കൈപ്പറ്റുന്നതിനുള്ള സാഹചര്യം സംജാതമായിട്ടുണ്ട്. റേഷൻ കട വഴിയുള്ള ഭക്ഷ്യധാന്യങ്ങളുടെ വിതരണം Online ആയതിനാൽ റേഷൻ കടയിൽ നിന്നും വാങ്ങുന്ന സാധനങ്ങളുടെ വിവരം കാർഡിൽ പതിയ്ക്കേണ്ടതായി വരുന്നില്ല. എല്ലാ വിഭാഗം ഇ-കാർഡുകളും ഒരേ നിറത്തിലുള്ളതായിരിക്കും. എന്നാൽ ഇ-കാർഡ് Print-ൽ അതാത് കാർഡ് വിഭാഗം രേഖപ്പെടുത്തിയിരിക്കുന്നതിന് സമീപത്തായി tick mark രേഖപ്പെടുത്തിയ ഒരു ചതുരകളം അതാത് വിഭാഗം സംബന്ധിച്ചുള്ള നിറത്തിലുണ്ട്. (AAY- |

| | | | |
|---|---|---|---|
| | | | മഞ്ഞ, PHH – പിങ്ക്, NPS – നീല, NPNS – വെള്ള, NPI – ബ്രൗൺ) അപേക്ഷ നൽകുമ്പോൾ പേര്, വീട്ടുപേര്, വില്ലേജ്, തദ്ദേശസ്വയംഭരണ സ്ഥാപനം, സ്ഥലം മുതലായവയെല്ലാം ഇംഗ്ലീഷിലും മലയാളത്തിലും enter ചെയ്യുന്നതിനുള്ള സംവിധാനം E-Card Module-ൽ ഉണ്ട്. തുടർന്ന് ആവശ്യമായ സർട്ടിഫിക്കറ്റുകൾ upload ചെയ്യേണ്ടതും, Submit button ക്ലിക്ക് ചെയ്യേണ്ടതും, Submitted Application Printout എടുത്ത് അപേക്ഷകൻ ഒപ്പിട്ട് Scan ചെയ്ത് Upload ചെയ്യേണ്ടതുമാണ്. അതിന് ശേഷം Module-ലുള്ള Online Payment സംവിധാനത്തിലൂടെ E-Treasury മുഖേന 50/- രൂപ Service Charge ഒടുക്കേണ്ടതാണ്. Final Submit ചെയ്യപ്പെട്ട അപേക്ഷകളാണ് താലൂക്ക് സപ്ലൈ ഓഫീസ് ലോഗിനിൽ process ചെയ്യുന്നതിനായി ലഭിക്കുക. അപൂർണ്ണമായ അപേക്ഷ Return ചെയ്യുന്നതിന് താലൂക്ക് സപ്ലൈ ഓഫീസർക്ക് സാധിക്കുന്നതാണ്. അപേക്ഷകന് അത് ആവശ്യമായ തിരുത്തലുകൾ വരുത്തി വീണ്ടും പണമടയ്ക്കാതെ തന്നെ ടി അപേക്ഷ Re-submit ചെയ്യുന്നതിനുള്ള സൗകര്യവും നിലവിലുണ്ട്. താലൂക്ക് സപ്ലൈ ഓഫീസർ അപേക്ഷ Approve ചെയ്തുകഴിഞ്ഞാൽ കാർഡുമായി ലിങ്ക് ചെയ്തിട്ടുള്ള Mobile Number-ൽ ഒരു Secret Passwordലഭിക്കുന്നതാണ്. തുടർന്ന് അക്ഷയ / Citizen login-ൽ PDF രൂപത്തിൽ ലഭിക്കുന്ന റേഷൻ കാർഡ് ടി Secret Password ഉപയോഗിച്ച് അപേക്ഷകന് Open ചെയ്യാവുന്നതും print എടുക്കാവുന്നതുമാണ്. പുസ്തകരൂപത്തിലുള്ള കാർഡ് ഉപയോഗിക്കുന്നതുപോലെ തന്നെ എല്ലാ ആവശ്യങ്ങൾക്കും ഇ-കാർഡ് ഉപയോഗിക്കാവുന്നതാണ്. ഇ-റേഷൻ കാർഡ് പദ്ധതി സമ്പൂർണ്ണമായി നടപ്പാക്കുന്നതിന് കാലയളവ് നിശ്ചയിച്ചിട്ടില്ല. |
| (ബി) | മുൻഗണന, മുൻഗണനേതര വിഭാഗങ്ങളെ തിരിച്ചറിയാൻ ഇ-റേഷൻ കാർഡ് പദ്ധതിയിൽ സംവിധാനമുണ്ടാകുമോ; ഇ-റേഷൻ കാർഡ് പദ്ധതി സമ്പൂർണ്ണമായി നടപ്പാക്കുന്നതിന് കാലയളവ് നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (ബി) | ക്ലോസ് (എ) യുടെ ഉത്തരം കണ്ടാലും. |

സെക്ഷൻ ഓഫീസർ